ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ:LSGD/PD/28941/2024-GEA3 തീയതി: 22-02-2025

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.- പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - മുൻ പഞ്ചായത്ത് വകുപ്പിലെ ഹെഡ്ക്ലർക്ക് ശ്രീ.പ്രകാശൻ.എൻ.കെ-യുടെ സീനിയർ ക്ലർക്ക് തസ്തികയിലെ ഉദ്യോഗക്കറ്റതീയതി പുന:ക്രമീകരിച്ചതിന് അനുസൃതമായി സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി പുനക്രമീകരിക്കുന്നത്-സംബന്ധിച്ച്

സൂചന:
1. ബഹു.പ്രിൻസിപ്പൽ ഡയറക്ടറുടെ 14.07.2024-ലെ LSGD/PD/4810/2023-DEC2 നമ്പർ ഉത്തരവ്.
2. പഞ്ചായത്ത് ഡയറക്ടറുടെ 23.05.2018 ലെ ഇ5-38675/2017 നമ്പർ ഉത്തരവ്
3. പഞ്ചായത്ത് ഡയറക്ടറുടെ 09.11.2010-ലെ ഇ8-28/2010 നമ്പർ ഉത്തരവ്

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിൽ ഹെഡ്ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.പ്രകാശൻ.എൻ.കെ-യുടെ സീനിയർ ക്ലർക്ക് തസ്തികയിലെ ഉദ്യോഗക്കയറ്റ പ്രാബല്യ തീയതി സൂചന(1) പ്രകാരം പുനർനിർണ്ണയിച്ച് ഉത്തരവായിട്ടുള്ളതാണ്. 11.02.2010 തീയതിയിൽ സീനിയർ ക്ലർക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീ.പ്രകാശൻ.എൻ.കെ 01.01.2009 മുതൽ 31.12.2016 വരെയുള്ള സീനിയർ ക്ലർക്കുമാരുടെ സൂചന (2) സീനിയോരിറ്റി പട്ടികയിൽ ക്രമ നം.541 ആയാണ് ഉൾപ്പെട്ടിട്ടുള്ളത്. സൂചന (1) ഉത്തരവ് പ്രകാരം ശ്രീ.പ്രകാശൻ.എൻ.കെ-യുടെ സീനിയർ ക്ലർക്ക് ഉദ്യോഗക്കയറ്റ പ്രാബല്യ തീയതി 28.07.2008 ആയി പുനർനിർണ്ണയിച്ചതിൻറെ അടിസ്ഥാനത്തിൽ ടി തസ്തികയിലെ ടിയാളുടെ സീനിയോറിറ്റിയും പുന:ക്രമീകരിക്കേണ്ടതുണ്ട്. ആയത് പ്രകാരം ശ്രീ.പ്രകാശൻ.എൻ.കെ-യെ പുനർ നിർണ്ണയിക്കപ്പെട്ട ഉദ്യോഗക്കയറ്റ പ്രാബല്യ തീയതിയായ 28.07.2008 അടിസ്ഥാനമാക്കി 01.01.1990 മുതൽ 10.12.2008 വരെയുള്ള സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ സൂചന (3) സീനിയോറിറ്റി പട്ടികയിൽ ക്രമ നം.6538 ശ്രീ.എൻ.എം.സുധീർ.-നും ക്രമ നം.6539 ശ്രീ.ദിലീപ്കുമാർ കെ.എസിനും ഇടയിൽ ക്രമനം.6538 A ആയി ഉൾപ്പെടുത്തിയും ശ്രീ. പ്രകാശൻ.എൻ.കെ സൂചന (2) സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ക്രമ നം. 541 DELETED എന്ന് രേഖപ്പെടുത്തുന്നതിനും താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത താതകാലിക തീരുമാനത്തിൽ ആക്ഷേപമുള്ള ജീവനക്കാർ തങ്ങളുടെ ആക്ഷേപം ആവശ്യമായ അനുബന്ധരേഖകൾ സഹിതം ഈ നോട്ടീസ് തീയതി മുതൽ 15

ദിവസത്തിനുള്ളിൽ ഉചിത മാർഗ്ഗേണ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിയിക്കുള്ളിൽ ആക്ഷേപങ്ങളൊന്നും ലഭ്യമാകാത്ത പക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Sonia Washington
SENIOR ADMINISTRATIVE OFFICER
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീ.പ്രകാശൻ.എൻ.കെ, ഹെഡ്ക്ലർക്ക്, നാറാത്ത് ഗ്രാമ പഞ്ചായത്ത് (കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
3. സിസ്റ്റം സൂപ്പർവൈസർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ/അധികം